പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1012 07.02.2013 -ൽ മറുപടിയ്ക്ക്

## മിശ്രവിവാഹിതർക്കുള്ള ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ. എ. പി.അനിൽകുമാർ (ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) മിശ്രവിവാഹിതർക്കുള്ള ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ളവരും എന്നാൽ അറിവില്ലായ്മ മൂലം യഥാസമയം അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ പോയവരുമായവർക്ക് മാപ്പപേക്ഷ സഹിതം അപേക്ഷ നൽകിയാൽ ധനസഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) മിശ്രവിവാഹിതരായവർക്ക് വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷവും മൂന്ന് വർഷം കഴിയുന്നതിനു മുമ്പായും അപേക്ഷ സമർപ്പിച്ചാൽ മാത്രമേ നിലവിലുള്ള ചട്ടപ്രകാരം ധനസഹായം അനുവദിക്കാൻ സാധിക്കുകയുള്ളൂ.മിശ്രവിവാഹധനസഹായം 50,000/-രൂപയായി വർദ്ധിപ്പിച്ചുകൊണ്ടുള്ള 1.6.2009-ലെ സ.ഉ.(കൈ) നം. 42/09/പജപവവിവ ഉത്തരവിൽ 3 വർഷത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം മാപ്പാക്കി നൽകുന്നതല്ലായെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ അപേക്ഷകരുടെ അറിവില്ലായ്മ മൂലവും മറ്റ് മതിയായ കാരണങ്ങളാലും അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ധനസഹായം |

| | | | |
|---|---|---|---|
| | | | അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുന്നുണ്ട്. ടി അപേക്ഷകളിൽ മതിയായ കാരണങ്ങളുള്ളതും യുക്തവുമായ കേസുകളിൽ അപേക്ഷകരുടെ സാമ്പത്തിക പിന്നാക്ക അവസ്ഥ കണക്കിലെടുത്ത് പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ധനസഹായം അനുവദിക്കുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. |
| (ബി) | മിശ്രവിവാഹിതർക്കുള്ള ധനസഹായം എത്ര രൂപയാണെന്നും, അപേക്ഷ നൽകിയ വൈപ്പിൻ മണ്ഡലത്തിലെ എത്ര പേർക്ക് ഇനിയും തുക അനുവദിക്കുവാനുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | നിലവിൽ വകുപ്പിൽ നിന്നും 50,000/- രൂപ മിശ്രവിവാഹ ധനസഹായമായി അനുവദിക്കുന്നു.വൈപ്പിൻ മണ്ഡലത്തിൽ 4 പേർക്കാണ് ഇനി തുക അനുവദിക്കാനുള്ളത്. |

Rasheed

സെക്ഷൻ ഓഫീസർ.